അടിയന്തരപ്രമേയം

<u>കസ്റ്റഡി മരണം</u>

മി. സ്പീക്കർ: താനൂരിൽ പോലീസ് കസ്റ്റഡിയിലെടുത്ത താമിർ ജിഫ്രി എന്ന യുവാവ് കസ്റ്റഡിയിൽ മരിച്ചതിനെത്തുടർന്ന് ജനങ്ങളിൽ ആശങ്കയും പ്രതിഷേധവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, കെ. ബാബു (തൃപ്പൂണിത്തുറ), മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, 01.08.2023-ന് മയക്കുമരുന്ന് കേസുമായി ബന്ധപ്പെട്ട് 5 പേരെ താനൂർ പോലീസ് കസ്റ്റഡിയിലെടുത്തു. ഇവരുടെ പക്കൽനിന്നും എം.ഡി.എം.എ. പിടിച്ചെടുക്കുകയും തുടർന്ന് അറസ്റ്റ് രേഖപ്പെടുത്തുകയും ചെയ്തു. സംഭവത്തിൽ ക്രൈം നമ്പർ 855/2023 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. നിലവിൽ ഈ

കേസും ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. ഈ കേസിൽ കസ്റ്റഡിയിലെടുത്ത താമിർ ജിഫ്രി മരണപ്പെട്ട സംഭവത്തിൽ ക്രൈം നമ്പർ 856/2023 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. താമിർ ജിഫ്രിയുടെ മൃതദേഹം ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ ഇൻക്വസ്റ്റും വിദഗ്ദ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടവും നടത്തി. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ബന്ധുക്കൾക്ക് കൈമാറി. നിലവിൽ ക്രൈം നമ്പർ 2723/2023 ആയി റീ-രജിസ്റ്റർ ചെയ്ത കേസ് സ്റ്റേറ്റ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചുവരുന്നു. ഇതേത്തുടർന്ന് താനൂർ സബ് ഇൻസ്പെക്ടർ ഉൾപ്പെടെ 8 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. പോലീസ് മേധാവിയുടെ ശിപാർശയനുസരിച്ച് അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതാണ്. ഇതിനുപുറമെ, മജിസ്റ്റീരിയൽ അന്വേഷണത്തിനും തീരുമാനിച്ചിട്ടുണ്ട്. കേസിന്റെ അന്വേഷണത്തിൽ പ്രതിയെ കസ്റ്റഡിയിലെടുത്ത സമയവും അതിനിടയായ സാഹചര്യവും പോലീസ് നടപടികളും സി.ബി.ഐ. അന്വേഷണത്തിന്റെ പരിധിയിൽ വരുന്നവയാണ്. മുമ്പ്

വ്യക്തമാക്കിയിട്ടുള്ളതുപോലെ, പോലീസ് കസ്റ്റഡിയിലും ലോക്കപ്പിലും ആളുകൾ മരണമടയുന്ന സ്ഥിതിയുണ്ടായാൽ അത്തരം കേസുകളുടെ അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്ന നിലപാടാണ് ഈ സർക്കാരിനുള്ളത്. ഈ കേസിന്റെ കാര്യത്തിലും അത്തരമൊരു സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കുറ്റവാളികൾ ആരായിരുന്നാലും അവർക്ക് അർഹമായ ശിക്ഷ ലഭിച്ചുവെന്ന് ഉറപ്പാക്കുകതന്നെ ചെയ്യും. ഒരുകാരണവശാലും പോലീസ് സ്റ്റേഷനുകളിലോ ലോക്കപ്പിലോ ആളുകൾക്കെതിരായി ബലപ്രയോഗവും മർദ്ദനരീതികളും നടത്തുവാൻ സർക്കാർ സമ്മതിക്കുകയില്ലെന്നും ഇതിനെതിരെ പ്രവർത്തിക്കുന്നവർക്കെതിരായി ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ആ സാഹചര്യത്തിൽ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിട്ടില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നിയമത്തിന്റെ സംരക്ഷകർതന്നെ കുറ്റവാളികളായിത്തീർന്നാൽ പിന്നെ ആ സമൂഹത്തിലെ ഒരു മനുഷ്യനും സുരക്ഷിതത്വബോധം ഉണ്ടാകില്ലെന്ന നമ്മുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ സമീപകാലത്തെ നിരീക്ഷണം ഇന്ന് കേരളത്തിലെ

പോലീസ് അതിക്രമങ്ങളെ കുറിച്ച് കേൾക്കുമ്പോൾ ഏറെ പ്രസക്തമാകുകയാണ്. സാധാരണക്കാരായ ജനങ്ങളുടെ മേലുള്ള പോലീസ് അതിക്രമങ്ങൾ കേരളത്തിൽ തുടർക്കഥയാകുകയാണ്. താനൂരിലെ പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട താമിർ ജിഫ്രി അതിലെ അവസാനത്തെ ഇരയാണ്. ഇന്നലെയാണ് പോലീസിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ പോലീസിന്റെ കാര്യക്ഷമതയെക്കുറിച്ചും മഹത്വത്തെക്കുറിച്ചും ഏറെ വാചാലനായത്. പക്ഷേ, എന്താണിവിടെ നടന്നുകൊണ്ടിരിക്കുന്നത്; കേരളത്തിലെ പോലീസ് ഒരുകാലത്തും ഇതുപോലെ ക്രിമിനൽവൽക്കരിക്കപ്പെട്ടിട്ടില്ല. താനൂരിലെ യുവാവിന്റെ മരണത്തിൽ ദുരൂഹതകളേറെയാണ്. ഇതൊരു കസ്റ്റഡി കൊലപാതകമാണ്. ഇവിടെ പോലീസ് പടച്ചുണ്ടാക്കിയ കേസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെനിന്ന് പറഞ്ഞു. ഇതിലെടുത്ത കേസിന്റെ നമ്പരും പറഞ്ഞു. 'താനൂർ റെയിൽവേ മേൽപ്പാലത്തിന്റെ താഴെവച്ച് ഒരു വാഹനത്തിലിരിക്കെ താമിർ ജിഫ്രി ഉൾപ്പെടെയുള്ള 5 പേരെ പോലീസ് കസ്റ്റഡിയിലെടുത്തു. താനൂർ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. പ്രതി കുഴഞ്ഞുവീണ് മരിച്ചു. നാലര മണിക്ക്

ആശുപത്രിയിൽ മരണം കൺഫേം ചെയ്തു.' ഇതാണ് പോലീസിന്റെ ഭാഷ്യം. ഇതല്ല യാഥാർത്ഥ്യം. നാട്ടുകാരും ദൃക്സാക്ഷികളും പറയുന്ന കഥകൾ അതിന്റെ യഥാർത്ഥ ചിത്രം പുറത്തുകൊണ്ടുവരികയാണ്. എന്താണ് സംഭവിച്ചത്; ജൂലൈ 31-ന് വൈകിട്ട് നാല് മണിയോടടുത്ത് ചേളാരിയിലെ ആലുങ്ങലിൽ താമിർ ജിഫ്രി താമസിക്കുന്ന ക്വാർട്ടേഴ്സിൽവച്ച് മലപ്പുറം എസ്.പി.-യുടെ പ്രത്യേക സംഘം (DANSAF-District Anti-Narcotic Special Action Force) എത്തുകയും താമിർ ജിഫ്രിയെയും നാല് പേരെയും പിന്നെ അദ്ദേഹത്തെക്കൊണ്ട് ഫോൺ ചെയ്ത് വിളിപ്പിച്ച കുറച്ചാളുകളെയുമടക്കം അവിടെനിന്ന് മൂന്ന് വാഹനങ്ങളിലായി കൊണ്ടുപോയത് കണ്ടതിന് ദൃക്സാക്ഷികളുണ്ട്. അല്ലാതെ രാത്രി ഒന്നര മണിക്ക് താനൂർ റെയിൽവേ മേൽപ്പാലത്തിന്റെ താഴെനിന്നല്ല ഇവരെ പിടിക്കുന്നത്. ചേളാരിയിൽവച്ചാണ് ഇവരെ പിടിക്കുന്നത്. ക്വാർട്ടേഴ്സിന്റെ ഉടമ ഇതിന് ദൃക്സാക്ഷിയാണ്. അദ്ദേഹം അത് പറയുന്നുണ്ട്. പ്രതികളെയുംകൊണ്ട് DANSAF സംഘം താനൂർ ശോഭ പറമ്പിനടുത്തുള്ള പോലീസ് ക്വാർട്ടേഴ്സിലേയ്ക്കാണ് പോയത്. അവിടവച്ചാണ് ഇവർക്കെതിരെ പോലീസിന്റെ ക്രൂരമായ മർദ്ദങ്ങളും മൂന്നാം മുറകളുമൊക്കെ

പ്രയോഗിക്കുന്നത്. മണിക്കൂറുകൾ നീണ്ടുനിന്ന മർദ്ദനത്തിനൊടുവിൽ അർദ്ധരാത്രി ഒരുമണിയോടുകൂടി DANSAF സംഘം താമിർ ജിഫ്രിയെയും 5 പ്രതികളെയും താനൂർ പോലീസിന് കൈമാറി. കൂടെ അറസ്റ്റ് ചെയ്യപ്പെട്ടവരും ദൃക്സാക്ഷികളും അക്കാര്യം പറയുന്നുണ്ട്. മാത്രമല്ല, അവിടത്തെ പോലീസ് ക്വാർട്ടേഴ്സിന്റെ കട്ടിലിന്റെ ചുവട്ടിൽ രക്തക്കറ കണ്ടതും പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്. അതോടൊപ്പംതന്നെ നമ്മൾ കാണേണ്ടത്, മലപ്പുറം എസ്.പി.-യുടെ നേതൃത്വത്തിലുള്ള സംഘം നേരത്തെ തയ്യാറാക്കിയ തിരക്കഥ പ്രകാരമാണ് ഇങ്ങനെ പ്രതികളെ അറസ്റ്റ് ചെയ്തത്. യഥാർത്ഥത്തിൽ ചേളാരിയിൽനിന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. തിരൂരങ്ങാടി, പരപ്പനങ്ങാടി, തേഞ്ഞിപ്പലം എന്നീ മൂന്ന് പോലീസ് സ്റ്റേഷൻ പരിധി കഴിഞ്ഞിട്ടാണ് താനൂർ സ്റ്റേഷനിൽ രാത്രിയോടെ പ്രതികളെ കൊണ്ടുവരുന്നത്. പ്രതികളെ രാത്രി കൊണ്ടുവരുന്ന വിവരം താനൂർ പോലീസിൽ രാവിലെ 11 മണിക്കുതന്നെയുണ്ട്. ഇന്ന് രാത്രി ഇങ്ങനെയൊരു ഏർപ്പാട് വരുവാനുണ്ട്, എല്ലാവരും ജാഗ്രതയോടെയിരിക്കണമെന്ന് താനൂർ പോലീസ് സ്റ്റേഷനിലേയ്ക്ക് എസ്.പി.-യുടെ സംഘത്തിൽനിന്നും പ്രത്യേകം വിവരം നൽകുകയാണ്. താമിർ ജിഫ്രി

പുലർച്ചെ 4.25-നാണ് മരണപ്പെടുന്നത്. മരിച്ചയാളെ ഒന്നാം പ്രതിയാക്കി ഇതുസംബന്ധിച്ച എഫ്.ഐ.ആർ. ഇടുന്നത് രാവിലെ 7.03-നാണ്. പോലീസിന്റെ കള്ളക്കളികൾ ഇവിടെത്തന്നെ വളരെ വ്യക്തമാണ്. 4.25-ന് ഇഹലോകവാസം വെടിഞ്ഞയാളെ ഒന്നാം പ്രതിയാക്കി 7.03-നാണ് പോലീസ് കേസെടുക്കുന്നത്. താമിർ ജിഫ്രിയുടെ മരണത്തിന്മേൽ എഫ്.ഐ.ആർ. ഇടുന്നതെപ്പോഴാണ്; എന്റെ കൈവശം ഈ രണ്ട് എഫ്.ഐ.ആർ.-കളുമുണ്ട്. താമിർ ജിഫ്രിയുടെ മരണത്തിന്മേൽ എഫ്.ഐ.ആർ. ഇടുന്നത് രാവിലെ 8.30-നാണ്. ഇവിടെ വേറൊരുകാര്യംകൂടി ഞാൻ ചോദിക്കട്ടെ. എഫ്.ഐ.ആർ. പ്രകാരം എസ്.ഐ.-യും കൂട്ടരുമാണ് ഇയാളെ കസ്റ്റഡിയിലെടുത്തത്. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചതുപ്രകാരം പോലീസ് മേധാവി 8 ആളുകളെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അതിൽ 4 പേർ DANSAF സംഘത്തിലുള്ളവരാണ്. നിങ്ങളുടെ ചിത്രത്തിൽ എവിടെയും DANSAF ഇല്ലല്ലോ. DANSAF-ൽപ്പെട്ട ആരുമില്ല. പിന്നെന്തിനാണ് DANSAF-ലുള്ള നാലുപേരെ സസ്പെന്റ് ചെയ്തത്; അപ്പോൾ DANSAF ഉണ്ട്. എന്നാൽ പോലീസ് റിപ്പോർട്ടിൽ DANSAF ഇവരെ തൊട്ടിട്ടില്ല. ഇങ്ങനെ എല്ലാ

കാര്യങ്ങളിലും ഒരുപാട് ദുരൂഹതയുണ്ട്. ഒരു ചെറുപ്പക്കാരനെ പോലീസ് ക്രൂരമായി മർദ്ദിക്കുകയും അതേത്തുടർന്ന് അദ്ദേഹത്തിന്റെ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യവുമാണ് ഉണ്ടായത്. പോലീസ് മർദ്ദനത്തിന് തെളിവായി പോസ്റ്റ്മോർട്ടം റിപ്പോർട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഇദ്ദേഹത്തിന് 21 മുറിവുകളേറ്റതായി പറയുന്നുണ്ട്. (പ്രസ്തുത പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ ഉയർത്തിക്കാണിച്ചു.) ആ റിപ്പോർട്ടിൽ 1 മുതൽ 21 വരെയുള്ള external and internal injuries-നെ കുറിച്ച് പറയുന്നുണ്ട്. ഞാൻ എല്ലാം വായിക്കുന്നില്ല. Two superficial lacerated wound (4x1x1 cm and 7x3x1 cm.) Deep dermal wound ആണ്. അതുപോലെത്തന്നെ abrasion-നും contusion-നുമുണ്ട്. ഇതെല്ലാം മുമ്പുള്ള മുറിവുകളൊന്നുമല്ല, വളരെ അടുത്ത സമയത്ത് സംഭവിച്ചതാണ്. ഇവ വളരെ ഫ്രഷായ മുറിവാണെന്ന് റിപ്പോർട്ടിൽ വളരെ കൃത്യമായി പറയുന്നുണ്ട്. അതുകഴിഞ്ഞ്, ഈ മുറിവുകൾ എങ്ങനെയുണ്ടായി എന്ന് വിശദീകരിക്കുന്നുണ്ട്. അതിൽ മരണകാരണമായി പറയുന്നത്,"Cause of Death- The cause of death of the best of my knowledge and belief is that immediate cause the deceased had died due to extensive pulmonary

edema and pulmonary hemorrhage." എന്നാണ്. അതുപോലെത്തന്നെ Multiple blunt force injuries inflicted on the body could have contributed to fatal outcome through Coronary Artery Disease എന്ന് വളരെ കൃത്യമായി പറയുന്നുണ്ട്. പോലീസിന്റെ ക്രൂരമായ മർദ്ദനങ്ങളാണ് ഈ യുവാവിന്റെ പെട്ടെന്നുള്ള മരണത്തിന് കാരണമാക്കിയതെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വളരെ കൃത്യമായി പറയുകയാണ്.

1, 2, 4, 8, 16 മുറിവുകൾ സംഭവിച്ചത് Rough surface of object contact കൊണ്ടാണ്. 3, 5, 6 മുറിവുകൾ സംഭവിച്ചതിന് കാരണമായി പറയുന്നത് Forceful contact with handcuffs എന്നതാണ്. ഇദ്ദേഹത്തെ ഹാന്റ്കഫ് ചെയ്ത സാധനംവച്ച് ഇവർതന്നെ മർദ്ദിക്കുകയാണ്. അതുപോലെ, 7, 14, 15, 17, 18 മുറിവുകൾ സംഭവിച്ചതിന് കാരണമായി Beating with blunt weapon എന്നാണ് റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളത്. മൂർച്ചയില്ലാത്ത ആയുധംകൊണ്ട് മാരകമായി പ്രഹരിച്ചിരിക്കുകയാണ്. 9, 10, 11, 12, 13 മുറിവുകൾ സംഭവിച്ചതിന് കാരണമായി പറയുന്നത് Forceful beating with cylindrical weapon എന്നാണ്. സിലിണ്ടർപോലുള്ള ഉപകരണംകൊണ്ട് ക്രൂരമായി

അടിച്ചതുകൊണ്ടാണ് ഈ മുറിവുകൾ സംഭവിച്ചതെന്നാണ് പറയപ്പെടുന്നത്. അത്തരത്തിൽ beating പോലെയുള്ള അതിക്രമങ്ങളെല്ലാം പോലീസിന്റെ ഭാഗത്തുനിന്നും വന്നിരിക്കുകയാണ്. അതാണ് മരണകാരണമെന്ന് കൃത്യമായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നു. അതുകഴിഞ്ഞ് 'Body had not been kept in freezer' എന്ന് പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർ വളരെ കൃത്യമായി പറയുന്നുണ്ട്. ഇങ്ങനെയൊക്കെ അക്രമം കാണിച്ചിട്ടും ഈ ഡെഡ് ബോഡി ഒരു ഫ്രീസറിൽ വയ്ക്കാനുള്ള മര്യാദപോലും അങ്ങയുടെ പോലീസ് കാണിച്ചില്ലെന്നാണ് ഇത് വ്യക്തമാകുന്നത്. ഈ സഭയിൽ പറയാൻ എനിക്ക് അറപ്പുണ്ടെങ്കിലും ഞാൻ പറയട്ടെ, ഈ കുട്ടിയുടെ മലദ്വാരത്തിലൂടെ പോലീസ് ലാത്തി കയറ്റിയെന്നും അതിലൂടെ രക്തം ഒലിക്കുകയാണെന്ന വിവരമാണ് കേൾക്കുന്നത്. ഇയാളുടെ വയറ്റിൽ കണ്ട മയക്കുമരുന്ന് ഇയാൾതന്നെ മലദ്വാരത്തിലൂടെ ഉള്ളിലേയ്ക്ക് കയറ്റിയെന്നതാണ് പോലീസിന്റെ ഭാഷ്യം. എസ്.പി.-യുടെ നേതൃത്വത്തിലുള്ള, പ്രത്യേക അക്രമി സംഘമായ അവിടത്തെ ഒരു പോലീസാണ് ഈ ക്രൂരത കാണിച്ചിരിക്കുന്നത്. DANSAF-ന്റെ ക്രൂരതകൾക്ക് എല്ലാവിധ സപ്പോർട്ടും ചെയ്യുന്നത് ഈ മലപ്പുറം എസ്.പി.

ആണ്. ഈ ഓപ്പറേഷൻ എസ്.പി.-യുടെ ഡയറക്ഷൻ ഇല്ലാതെ നടക്കില്ല. ഇവിടെ താമിർ ജിഫ്രിയുടെ ക്രൂരമായ കൊലപാതകത്തിന് കാരണമായ; ഗുണ്ടകളെപ്പോലെ പെരുമാറുന്ന ഡാൻസാഫ് അംഗങ്ങളെ രക്ഷിക്കുന്നത് മലപ്പുറം എസ്.പി. ആണ്. എസ്.പി.-ക്ക് എതിരെ അതിശക്തമായ ആക്ഷേപം താമിർ ജിഫ്രിയുടെ കുടുംബത്തിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഈ ക്രൂരമായ കൊലപാതകത്തിൽ കൊല്ലപ്പെട്ടവനോടും അവന്റെ കുടുംബത്തോടും ഈ സർക്കാരിന് സഹാനുഭൂതിയുണ്ടെങ്കിൽ മലപ്പുറം എസ്.പി.-യെ സസ്പെൻഡ് ചെയ്ത് അന്വേഷണത്തിന് വിധേയമാക്കണമെന്ന് ഞങ്ങൾ സൂചിപ്പിക്കുകയാണ്. മലപ്പുറം എസ്.പി.-യെ നിലനിർത്തിക്കൊണ്ട് ഏതൊരു അന്വേഷണവും പ്രഹസനവും.... അന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ടു എന്ന് പറഞ്ഞു, അത് നല്ലതുതന്നെയാണ്. കുടുംബം ആവശ്യപ്പെട്ട കാര്യമാണിത്. പക്ഷേ, സി.ബി.ഐ.-യ്ക്ക് വേണ്ട മെറ്റീരിയലുകൾ കൊടുക്കേണ്ടതാരാണ്? മലപ്പുറത്തെ പോലീസാണ്. ഈ എസ്.പി. വേണ്ട രീതിയിൽ സഹകരിക്കുമോ? ഈ എസ്.പി.-യ്ക്ക് ഇനി എത്ര ദിവസം... സി.ബി.ഐ. വന്ന് കേസ് ഏറ്റെടുക്കുന്നതിനിടയിൽ തെളിവുകൾ നശിപ്പിക്കാൻ സമയമുണ്ട്. മുഖ്യമന്ത്രിക്ക്

ഈ ചെയ്ത പ്രവർത്തനങ്ങളോട് വല്ല വിയോജിപ്പുമുണ്ടെങ്കിൽ ഇപ്പോൾ ആ എസ്.പി.-യെ സസ്പെൻഡ് ചെയ്ത് അദ്ദേഹത്തിനെ ഈ നടപടികളിൽനിന്ന് മാറ്റി നിർത്തണമെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ കസ്റ്റഡി പീഡനം നടന്നിട്ടുണ്ടെന്ന് ഇന്റലിജൻസിന്റെ റിപ്പോർട്ടുണ്ട്. അങ്ങനെയാണ് എട്ട് ആളുകളെ സസ്പെൻഡ് ചെയ്തത്. കസ്റ്റഡി പീഡനം നടന്നാൽ പോലീസിനെതിരെ കേസെടുക്കേണ്ടതല്ലേ? ഇന്റലിജൻസിന്റെ റിപ്പോർട്ടല്ലേ, ഇതുവരെ പോലീസിനെതിരെ കേസില്ലല്ലോ? ഈ എസ്.പി. അടക്കമുള്ള ആരെയും മാറ്റിനിർത്തിയിട്ടില്ലല്ലോ? പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറോട് ഈ എസ്.പി. സ്വകാര്യമായി മണിക്കൂറുകൾ സംസാരിക്കുന്നത് കണ്ടതിന് പത്രക്കാർ തെളിവുണ്ടല്ലോ. ഈ കേസിന്റെ മുഴുവൻ തെളിവുകളും എന്താവശ്യത്തിനാണ് ഈ എസ്.പി. ഇല്ലാതെയാക്കുന്നത്? അയാളുടെ സ്വന്തക്കാരാണ് ഇതൊക്കെ നടത്തിയിട്ടുള്ളത്. ഇതിന്റെ കൃത്യമായ കഥകളിലേയ്ക്ക് പോയാൽ, അദ്ദേഹം അറിയാതെ ഈ സ്ക്വാഡ് ഒന്നും ചെയ്യില്ല. ഈ സ്ക്വാഡ് അദ്ദേഹം പോറ്റി വളർത്തുന്ന, അദ്ദേഹത്തിന് താൽപ്പര്യമുള്ള ഏതാനും ചില ആളുകളുടെയും അങ്ങനെയുള്ള പോലീസുകാരുടെയും

കൂട്ടായ്മയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ മുഖ്യമന്ത്രി വളരെ കാര്യക്ഷമത കാണിക്കേണ്ട സന്ദർഭമാണിത്. അങ്ങയുടെ പിന്തുണ പോലീസിന് നൽകുന്നത് പോലീസിന്റെ ആത്മവീര്യം വർദ്ധിപ്പിക്കാനാണെങ്കിൽ അതിവിടെ അക്രമങ്ങൾക്ക് വളമാകുന്നുണ്ടെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യം സി.ബി.ഐ.-യ്ക്ക് വിട്ടെങ്കിലും ഈ ക്രൂരതകൾ ചെയ്ത പോലീസുകാരെയും ആ സ്ക്വാഡിനെയും അതിനെ നിയന്ത്രിക്കുന്ന എസ്.പി.-യെയും നടപടികൾക്ക് വിധേയമാക്കണം. അത് ഡിപ്പാർട്ടുമെന്റിന്റെ ചുമതലയാണ്, സി.ബി.ഐ. അത് ചെയ്യുകയില്ല. ആ ചുമതല നിർവ്വഹിക്കാൻ ആഭ്യന്തര വകുപ്പും മുഖ്യമന്ത്രിയും മുന്നോട്ട് വരണമെന്നാണ് ഞങ്ങൾക്കിവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. പോലീസിന്റെ അതിക്രമങ്ങൾ കേരളത്തിൽ തുടർക്കഥയാകുന്ന ധാരാളം വിഷയങ്ങളുണ്ട്. സ്വന്തം ഭർത്താവിനെ കുഴിച്ചുമൂടിയെന്ന് ഒരു സ്ത്രീയെക്കൊണ്ട് പറയിക്കുകയും പത്രസമ്മേളനം നടത്തുകയും ചെയ്യുകയാണ്.

മി. സ്പീക്കർ: ഇത് നോട്ടബിൾ അല്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തൊട്ടടുത്ത ദിവസം രാവിലെ ദിവംഗതനായ

ഭർത്താവ് എഴുന്നേറ്റ് വരുക.. ഇതൊക്കെയാണ് കേരളത്തിൽ കാണുന്നത്.

മി. സ്പീക്കർ: ഇത് ഔട്ട് ഓഫ് സിലബസ്സാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇങ്ങനെ പോലീസ് കളിക്കുന്ന ഒരുപാട് സംഭവങ്ങളുണ്ട്. അങ്ങയുടെ മണ്ഡലത്തിൽപ്പോലും പോലീസ് കാണിക്കുന്ന ധാരാളം കുറ്റകൃത്യങ്ങളുണ്ട്. അതിനാൽ പോലീസിനെ നിലയ്ക്ക് നിർത്തണമെങ്കിൽ, നിയന്ത്രിക്കണമെങ്കിൽ ഞങ്ങൾക്ക് അങ്ങയോട് പറയാനുള്ളത്, മുഖ്യമന്ത്രിയോട് ആവശ്യപ്പെടാനുള്ളത് ഇതിൽ എസ്.പി. അടക്കമുള്ളവർക്കെതിരെ ശക്തമായ നടപടികളുണ്ടാകണം, ഇതുമായി ബന്ധപ്പെട്ട പോലീസുകാരെ മാറ്റി നിർത്തിയിട്ടുവേണം സി.ബി.ഐ. എൻക്വയറിയുമായി മുന്നോട്ട് പോകേണ്ടത്. ഈ വിഷയം കേരളത്തെ സംബന്ധിച്ചിടത്തോളം നടുക്കുന്ന ചിത്രങ്ങളാണ്. പോലീസ് മർദ്ദനത്തിന്റെ ഭീകരമായ ചിത്രങ്ങളാണ് നമുക്ക് മുന്നിലുള്ളത്. ഇത് സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ഒട്ടേറെ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. അതിൽ ഒരു കാര്യമാണ് സർക്കാരിന്

വ്യക്തമാക്കാനുള്ളത്. ഈ കാര്യത്തിൽ തെറ്റ് ചെയ്തവരാകും, കുറ്റം ചെയ്തവരാകും രക്ഷിക്കപ്പെടില്ല. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചൊരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പോലീസ് അതിക്രമങ്ങൾ തുടർക്കഥയാകുന്നുവെന്നാണ് പറഞ്ഞത്. പോലീസിന്റെ ഭാഗത്തുനിന്ന് അതിക്രമങ്ങളല്ല ഏറ്റവും കൂടുതൽ ഉണ്ടാകുന്നത്. ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടാകും. ആ സംഭവങ്ങളിൽ കർക്കശമായ നടപടികൾ സ്വീകരിച്ച് പോകുകയാണ്. നമ്മുടെ സംസ്ഥാനത്ത് 27 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് നീക്കം ചെയ്തിട്ടുണ്ട്. ഇത് നമ്മുടെ നാടിന്റെ ചരിത്രത്തിൽ ആദ്യമായിട്ടുള്ളതാണ്. ഇത്തരത്തിൽ സർവ്വീസിൽ നിൽക്കാൻ കഴിയാത്ത തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്തവരോട് ഒരു ദാക്ഷിണ്യവും സർക്കാർ കാണിക്കുന്നില്ല എന്നതിന്റെ തെളിവാണിത്. നമ്മുടെ രാജ്യത്ത് പലയിടങ്ങളിൽനിന്നും കേൾക്കുന്ന വാർത്തകളിൽനിന്ന് തീർത്തും വ്യത്യസ്തമായൊരു പോലീസ് സർവ്വീസാണ് കേരളത്തിലുള്ളതെന്ന കാര്യത്തിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാം. അതിന്റെ അർത്ഥം ആ നല്ല കാര്യങ്ങളുടെ ഇടയ്ക്ക് എന്തെങ്കിലും കൊള്ളരുതായ്മ കാണിച്ചാൽ ആ

കൊള്ളരുതായ്മ കാണിച്ചവരെ രക്ഷിക്കുമെന്നല്ല, പകരം ആ കൊള്ളരുതായ്മ കാണിച്ചവർക്കുനേരെ കർക്കശ നടപടി സ്വീകരിക്കുകയും അവരെ സർവ്വീസിൽനിന്നടക്കം ഒഴിവാക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്യും. ഇവിടെ നമ്മൾ ഓർക്കേണ്ടൊരു കാര്യം ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ നേരത്തെ കുറച്ച് കൂടുതലായി ഉണ്ടാകാറുണ്ടല്ലോ. ഇപ്പോൾ 2016-നുശേഷം വലിയതോതിൽ അത്തരം സംഭവങ്ങൾ ഉണ്ടാകുന്നില്ലെങ്കിലും അതിനുതൊട്ടു മുൻപുള്ള കാലത്തെ അവസ്ഥ നമ്മൾ ഓർക്കണ്ടേ? എന്തായിരുന്നു നടപടി സ്വീകരിച്ചിരുന്നത്, 17-03-2015-ൽ നക്ഷത്രചിഹ്നമിടാത്ത 156-ാം നമ്പർ ചോദ്യത്തിന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ മറുപടിയുണ്ട്, അതിൽ 13 കസ്റ്റഡി മരണക്കേസ്സുകളാണ് ആ കാലയളവിൽ ഉണ്ടായതെന്നാണ്. അതിൽ ശ്രദ്ധിക്കേണ്ട കാര്യം, കസ്റ്റഡി മരണത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരണങ്ങളാണ്. 5 കേസ്സുകളിൽ ഒരു ഉദ്യോസ്ഥനെതിരേയും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നത് ഇവിടെ വ്യക്തമാക്കപ്പെട്ട കാര്യമാണ്. ഒരു കേസ്സിൽ ശാസനയാണ്

ശിക്ഷയായി നൽകിയിട്ടുള്ളത്. അതുപോലെ 2012-ൽ നടന്ന കസ്റ്റഡിമരണത്തിൽ അച്ചടക്ക നടപടി പരിഗണനയിലാണെന്ന വിവരമാണ് 2015-ൽ മറുപടിയായി നൽകിയത്. ഇപ്പോൾ സ്വീകരിക്കുന്ന നിലപാട് ഇതല്ല, സർവ്വീസിൽ തുടരാൻ സാധിക്കാത്ത വിധം ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട് കുറ്റകൃത്യങ്ങൾ ചെയ്തുവെന്ന് കാണുന്ന 27 പേരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വീസിൽ നിന്നും പിരിച്ചുവിടുന്ന നില ഉണ്ടായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് കസ്റ്റഡിയിൽ എടുത്തവരെ മർദ്ദിക്കുകയോ, അതോടൊപ്പം ലോക്കപ്പിൽ കൊലപാതകമോ കസ്റ്റഡി മരണമോ സംഭവിച്ചാൽ അത്തരം കാര്യങ്ങളിൽ ഗുരുതരമായ നടപടിയിലേക്കാണ് സർക്കാർ നീങ്ങുന്നത്. ഇത്തരം കേസ്സുകളിൽ നിർബന്ധമായും ഇവിടെയുള്ള ഏജൻസിയല്ല അന്വേഷിക്കേണ്ടത്, അതുകൊണ്ടാണ് ഇത്തരം കേസ്സുകൾ സി.ബി.ഐ.-ക്ക് വിടുമെന്ന് നേരത്തെതന്നെ പ്രഖ്യാപിച്ചത്. ഇപ്പോൾ ഇത്തരം കേസ്സുകൾ സി.ബി.ഐ.യാണ് അന്വേഷിക്കുന്നത്. സി.ബി.ഐ.-ക്ക് കൊടുക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിലാണ് അന്വേഷണമെന്ന ഒരു പരാമർശം നടത്തുകയുണ്ടായി. കേസ്സ് അന്വേഷിക്കേണ്ടത് ആ തെളിവുകൾ

കണ്ടെത്തുന്നതിനാണല്ലോ, പ്രതികളായി വരുന്ന പോലീസ് ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാട് ആരെങ്കിലും സ്വീകരിക്കുന്നുണ്ടെങ്കിൽ അതടക്കം മറികടന്നുകൊണ്ടുള്ള അന്വേഷണ പാടവമാണ് സി.ബി.ഐ. കാണിക്കേണ്ടത്. ഇതുവരെയുള്ള നമ്മുടെ അനുഭവത്തിൽ ഇത്തരം പ്രതികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നീക്കം അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലയെന്നുള്ളതു തന്നെയാണ്. ആ അന്വേഷണം കൃത്യമായി നടക്കും, അതിൽ ആശങ്കപ്പെടേണ്ടതായിട്ടില്ല, ഏതെല്ലാം തരത്തിലുള്ള തെളിവുകൾ അവരുടെ മുന്നിൽ കൊടുക്കാനുണ്ടോ അവയെല്ലാം കൊടുക്കുന്ന നിലപാടാണ് സ്വീകരിക്കേണ്ടത്. ഈ കുറ്റവാളികൾക്ക് ഏറ്റവും അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ പ്രാദേശികമായും ജില്ലാ തലത്തിലുമൊക്കെ ഉണ്ടാകുകയാണ് വേണ്ടത്, അതിനാവശ്യമായ നടപടികൾ എല്ലാവരും സ്വീകരിക്കണം. മരണപ്പെട്ട വ്യക്തിയുടെ പരിക്കിന്റെ സ്വഭാവത്തെക്കുറിച്ച് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത്തരം കാര്യങ്ങൾ അന്വേഷണത്തിന്റെ ഭാഗമായി തെളിയിക്കപ്പെടട്ടേ, ഡോക്ടറേയും സ്വാഭാവികമായും

അന്വേഷണ ഏജൻസി കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ബന്ധപ്പെടുമല്ലോ. പ്രതിയെ അറസ്റ്റ് ചെയ്തതിനുശേഷം വേറൊരു ക്വാർട്ടേഴ്സിലേക്ക് കൊണ്ടുപോയി എന്നും അവിടെവച്ച് മർദ്ദിച്ചുവെന്നും അതിനുശേഷമാണ് പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവന്നതെന്നും പറയുന്നുണ്ട്. അത്തരം കാര്യങ്ങളൊക്കെ അന്വേഷണത്തിലൂടെ തെളിഞ്ഞുവരട്ടേ. ആ അന്വേഷണത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സ നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുകയില്ല. എല്ലാ സഹകരണവും പിൻതുണയും പൂർണ്ണമായും നൽകുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുക. അവിടത്തെ ജില്ലാ പോലീസ് മേധാവിയെക്കുറിച്ച് പരാമർശിക്കുകയുണ്ടായി, ആ കാര്യം പ്രത്യേകമായി പരിശോധിക്കണമെന്നാണ് പറഞ്ഞത്, അന്വേഷണത്തിന്റെ ഭാഗമായി പരിശോധിക്കപ്പെടേണ്ട കാര്യങ്ങളുണ്ടെങ്കിൽ സ്വാഭാവികമായും ആ അന്വേഷണ ഏജൻസി അന്വേഷിച്ചുകൊള്ളും. അതിൽ നിന്നും വ്യത്യസ്ഥമായ ഒരു നിലയുണ്ടായിട്ടുണ്ടോയെന്ന കാര്യം സർക്കാർ പരിശോധിക്കണമെന്ന് അദ്ദേഹം പരാമർശിക്കുകയുണ്ടായി. അങ്ങനെയെന്തെങ്കിലും കാര്യങ്ങളുണ്ടോയെന്നത് സർക്കാർ പരിശോധിക്കുകയും ഉചിതമായ നിലപാടെടുക്കുകയും ചെയ്യുന്നതാണ്.

ഏതെങ്കിലും തരത്തിൽ ആളുകളെ കൊലപ്പെടുത്തുന്ന ഒരു സംഘമായി പോലീസ് മാറിയിട്ടില്ലായെന്നതാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. പലയിടത്തും ഞെട്ടിക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. രാജ്യത്തെ പലഭാഗങ്ങളിലും കേൾക്കുന്ന വാർത്തകൾ നമുക്കാർക്കും സാധാരണഗതിയിൽ സ്വസ്ഥത തരുന്ന ഒന്നല്ല. അത്രമാത്രം വിചാരണകൂടാതെ എൻകൗണ്ടറിൽ, അതിന്റെ ഭാഗമായി വെടിവച്ചുകൊല്ലുന്ന സംഭവങ്ങളല്ലേ നടക്കുന്നത്. വിവിധ സംസ്ഥാനങ്ങളിലല്ലേ ഇത്തരത്തിലുള്ള കാര്യങ്ങൾ നടക്കുന്നത്? ഞാൻ ഇപ്പോൾ സംസ്ഥാനത്തിന്റെ പേരൊന്നും പറയുന്നില്ല, സംസ്ഥാനത്തിന്റെ പേരു പറഞ്ഞാൽ കേരളം ഒഴികെയുള്ള വടക്കേ ഇന്ത്യയിലെ പല സംസ്ഥാനങ്ങളും അതിന്റെ ഭാഗമായി വരും. അത് സ്വാഭാവികമായി പ്രതിപക്ഷത്തിനും ചില പ്രയാസങ്ങൾ ഉണ്ടാക്കുന്ന പേരുകൾ അതിന്റെ ഭാഗമായി വരും, അതുകൊണ്ട് ആ പേരെടുത്ത് ഞാൻ പരാമർശിക്കുന്നില്ല. അത്തരത്തിൽ ഒരു സംസ്കാരം രാജ്യത്തുയർന്നുവരുന്നുവെന്നത് നമ്മൾ കാണണം. വളരെ വലുതല്ലാത്തൊരു സംസ്ഥാനത്തിൽ രണ്ടു വർഷത്തിനുള്ളിൽ 54 പേരെ എൻകൗണ്ടറിൽ വെടിവച്ച

കൊന്നുവെന്ന കണക്കടക്കം പുറത്തു വന്നിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള എൻകൗണ്ടറിൽ വെടിവച്ചു കൊല നടക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് എങ്ങനെയെങ്കിലുമൊന്ന് വെടിവയ്ക്കെന്നു പറഞ്ഞ് പോലീസിനെ ആക്രമിക്കാൻ പോയിട്ടുപോലും ആ ആക്രമണം ഏറ്റുവാങ്ങി നല്ല ശാരീരിക വേദന അനുഭവിച്ചുകൊണ്ടുതന്നെ പോലീസ് സേന തികച്ചും സംയമനത്തോടെ അത്തരം കാര്യങ്ങൾ നേരിട്ടത് നാം കണ്ടിട്ടുണ്ട്. മനുഷ്യജീവന് എത്രമാത്രം വിലകൽപ്പിക്കുന്ന പൊതുസമീപനം കേരളത്തിലെ പോലീസ് സേന സ്വീകരിക്കുന്നുവെന്നതിന്റെ എത്രയോ ഉത്തമമായ ദൃഷ്ടാന്തങ്ങൾ നമ്മുടെ മുന്നിലുണ്ട്. അത്തരത്തിലുള്ള ഒരു പൊതുസ്വഭാവം നിലനിൽക്കുമ്പോൾതന്നെ ഒറ്റപ്പെട്ട ഏതെങ്കിലും തരത്തിലുള്ള കുറ്റകൃത്യങ്ങളുണ്ടായാൽ പ്രത്യേകിച്ച് ലോക്കപ്പ് മർദ്ദനമോ, അവിടെ വച്ചുള്ള കസ്റ്റഡി മരണമോ സംഭവിച്ചാൽ അതിനുനേരെ ഒരു വിട്ടുവീഴ്ചയും സംസ്ഥാന സർക്കാർ കാണിക്കുകയില്ല. ഈ കാര്യത്തിൽ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസത്തിന്റെ പ്രശ്നം സാധാരണഗതിയിൽ വരുന്നില്ല, കാരണം ഇത് മനുഷ്യന്റെ ജീവന്റെ പ്രശ്നമാണ്. പോലീസ് ആരെയെങ്കിലും കൊണ്ടുപോയി തല്ലാനുള്ള ഒരു

സംവിധാനമല്ല. പോലീസ് ലോക്കപ്പ് ആളെ തല്ലാനും തല്ലിക്കൊല്ലാനുമുള്ള ഒരിടമല്ല, പോലീസിന് ആളെ തല്ലിക്കൊല്ലാൻ അധികാരവുമില്ല. ആ കാര്യത്തിലൊക്കെ നമുക്കെല്ലാപേർക്കും ഈ കേരളത്തിൽ ഒരേ സമീപനമാണുള്ളത്, അതാണ് സർക്കാരിന് വ്യക്തമാക്കാനുള്ളത്. ഇക്കാര്യത്തിൽ കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിന് ഏതെല്ലാം രീതിയിൽ സഹകരണവും പിൻതുണയും നൽകണമോ അതിനെല്ലാം സർക്കാർ സന്നദ്ധമായിരിക്കും. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് ഒന്നുകൂടി വ്യക്തമാക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളം കണ്ടതിൽവച്ച് ഏറ്റവും ക്രൂരവും നടുക്കുന്നതുമായൊരു കസ്റ്റഡി മരണത്തിന്റെ ചിത്രം തുറന്നുകാട്ടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ ഇവിടെ പ്രസംഗിച്ചപ്പോൾ അതിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പറഞ്ഞതിൽ ഏറെ സമയവുമെടുത്തത് കേരളത്തിലെ പോലീസിനെ ശ്ലാഘിക്കാനായിരുന്നുവെന്നത് വളരെ വിചിത്രമായി തോന്നുകയാണ്. അദ്ദേഹം സംസാരിച്ചതുകേട്ടാൽ ഇതുപോലൊരു സദ്ഭരണം നടക്കുന്ന, ഇതുപോലെ നല്ലൊരു പോലീസ് സേനയുള്ള സംസ്ഥാനം കേരളമല്ലാതെ മറ്റൊന്നില്ലെന്നുതോന്നും. രാജ്യത്തൊട്ടാകെ നാളിതുവരെ 54 പോലീസ് എൻകൗണ്ടറുകൾ നടന്നുവെന്നും, പേര് പറഞ്ഞാൽ പ്രതിപക്ഷത്തിന് വിഷമമുണ്ടാകുന്ന ചില സംസ്ഥാനങ്ങൾകൂടി ഇതിൽ ഉൾപ്പെടുന്നുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. ആ ലിസ്റ്റിൽ അങ്ങ് മുഖ്യമന്ത്രിയായിരിക്കുന്ന ഈ സംസ്ഥാനവുമുണ്ടെന്ന് ഓർക്കണം. വയനാട്ടിലെ പലസ്ഥലങ്ങളിലും പോലീസ് എൻകൗണ്ടറിൽ നിങ്ങൾ മാവോയിസ്റ്റുകൾ എന്നുപറയുന്നവരെ വെടിവച്ചുകൊലപ്പെടുത്തിയില്ലേ? അങ്ങനെ എത്രപേരെയാണ് കൊലപ്പെടുത്തിയത്! കേരളത്തിലും പോലീസ് എൻകൗണ്ടർ ഉണ്ടായില്ലേ? മറ്റ് സംസ്ഥാനങ്ങളിലും അതുതന്നെയാണ് നടക്കുന്നത്. മുഖ്യമന്ത്രി സൂചിപ്പിച്ച 54 പേരുടെ ലിസ്റ്റിൽ കേരളത്തിലെ പോലീസ് വെടിവച്ചുകൊലപ്പെടുത്തിയ ആളുകളുടെ പേരുകൂടിയുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ സൂചിപ്പിച്ചത് ഛത്തീസ്ഗഢ് സംസ്ഥാനത്തിന്റെ കാര്യം മാത്രമാണ്. ആ കണക്കിൽ കേരളമുൾപ്പെടെ മറ്റ് സംസ്ഥാനങ്ങളൊന്നും ഉൾപ്പെടുന്നില്ല. ഛത്തീസ്ഗഢിലെ 54 പേരെ പോലീസ് വെടിവച്ചുകൊലപ്പെടുത്തിയ കാര്യമാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇന്ത്യയിൽ ഏറ്റവുംകൂടുതൽ മാവോയിസ്റ്റ് ആക്രമണം നടക്കുന്ന സ്ഥലമാണ് ഛത്തീസ്ഗഢ്. കേന്ദ്ര...(ബഹളം..), ഇവർക്കിത് എന്തിന്റെ അസുഖമാണ്?

മി. സ്പീക്കർ: പ്ലീസ്.. ഇരിക്കു... ശ്രീ. എം. വിൻസെന്റ്....പ്ലീസ്... അങ്ങ് പ്രസംഗം തുടരൂ... അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കൂ... എല്ലാവരും നിശ്ശബ്ദരായി, അങ്ങ് പ്രസംഗം തുടരൂ..പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, എല്ലാദിവസവും അവരുടെ പരിപാടി ഇതുതന്നെയാണ്. കേന്ദ്രത്തിൽ, പാർലമെന്റിൽ ഭരണപക്ഷവും ഇതുതന്നെയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട രാഹുൽ ഗാന്ധി ഇന്നലെ പാർലമെന്റിൽ പ്രസംഗിച്ച സമയത്ത് തുടക്കം മുതൽ അവസാനം വരെ ഇതുതന്നെയായിരുന്നുവെന്ന് എല്ലാവരും കണ്ടതാണല്ലോ. നിങ്ങൾ ഈ

പ്രവണത അവിടെനിന്നും പഠിച്ചതാണോ, അതോ നിങ്ങളിൽനിന്നും അവർ പഠിച്ചതാണോ? ഇന്നലെ ലോകസഭയിലും ഇതുതന്നെയാണ് സംഭവിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ ഞങ്ങൾ കേട്ടുകൊണ്ടിരുന്നില്ലേ; നിങ്ങൾക്കുമാത്രം ഇത്രയും അസഹിഷ്ണത എന്തുകൊണ്ടാണ്; എല്ലാദിവസവും ഇങ്ങനെത്തന്നെയല്ലേ പെരുമാറുന്നത്. ബഹുമാനപ്പെട്ട ചെയറിന് ഞങ്ങളെ സംരക്ഷിക്കാൻ സാധിക്കുമോ? പോലീസ് എൻകൗണ്ടർ കേരളത്തിലുമുണ്ടായിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഛത്തീസ്ഗഢിൽ മാവോയിസ്റ്റുകൾ കോൺഗ്രസിന്റെ ഒരു സംഘത്തിനുനേരെ ബോംബെറിഞ്ഞ് 21 ആളുകളെയാണ് കൊന്നത്. അതിൽ പി.സി.സി പ്രസിഡണ്ടും മുൻകേന്ദ്രമന്ത്രിയും ഉൾപ്പെടെയുള്ള കോൺഗ്രസിന്റെ ഒരു ലീഡർഷിപ്പ് മുഴുവൻ കൊല്ലപ്പെട്ടു. അങ്ങനെയുള്ള മാവോയിസ്റ്റ് ആക്രമണങ്ങൾ ഇവിടെ ഉണ്ടാകാതിരിക്കുമ്പോഴും കേരളത്തിൽ എൻകൗണ്ടറുണ്ടായി. അതുകൊണ്ട് എൻകൗണ്ടറിന്റെ കാര്യമൊന്നും അവകാശപ്പെടേണ്ടതില്ല. ഇവിടെ സംഭവിക്കുന്നത് ഫെയ്ക്ക് എൻകൗണ്ടറാണ്. മനഃപൂർവ്വം വെടിവച്ച് കൊലപ്പെടുത്തിയശേഷം എൻകൗണ്ടർ ആയിരുന്നുവെന്ന്

രേഖപ്പെടുത്തുന്നതാണ് ഫെയ്ക്ക് എൻകൗണ്ടർ. ബഹുമാനപ്പെട്ട സുപ്രീംകോടതി " Custodial torture" -നെക്കുറിച്ച് " D.K.Basu vs. State of West Bengal" കേസിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്, ഇതുസംബന്ധിച്ച കോടതിവിധിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു, " " Custodial torture" is a naked violation of human rights, dignity and degradation which destroys, to a very large extent, the individual personality and is a calculated assault on human dignity." നമ്മുടെ ഭരണഘടനയിലെ ആർട്ടിക്കിൾ 20, 21, 22 എന്നിവയിൽ ജനങ്ങൾക്ക് ലഭ്യമാകേണ്ട ധാരാളം സംരക്ഷണങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അങ്ങ് പറഞ്ഞത് ഇതൊരു ഒറ്റപ്പെട്ട സംഭവമാണെന്നാണ്. 'ഒറ്റപ്പെട്ട സംഭവങ്ങൾ' എണ്ണിനോക്കാനായി കൗണ്ടിങ്ങ്

മെഷീൻ വാങ്ങേണ്ട സ്ഥിതിയാണ് കേരളത്തിനുള്ളത്. ഏത് സംഭവമുണ്ടായാലും അത് ഒറ്റപ്പെട്ട സംഭവമാണെന്ന് പറയും. തൃപ്പൂണിത്തുറയിലെ 'മനോഹരൻ' എന്ന വ്യക്തി കസ്റ്റഡിയിൽ കൊലചെയ്യപ്പെട്ടു. അദ്ദേഹം വളരെ 'ഗുരുതരമായ' കുറ്റമാണ് ചെയ്തത്. എന്താണെന്നെറിയാമോ; അമ്മയും ഭാര്യയും കുട്ടികളുമടങ്ങുന്ന

കുടുംബത്തിനുവേണ്ടി ഭക്ഷണം വാങ്ങിച്ച് തിരികെ വീട്ടിലേയ്ക്ക് പോകുന്ന അദ്ദേഹത്തിന്റെ ഇരുചക്രവാഹനത്തിന് പോലീസ് ഉദ്യോഗസ്ഥൻ കൈകാണിച്ചപ്പോൾ പെട്ടെന്ന് ബ്രേക്ക് ചവിട്ടാൻ സാധിക്കാത്തതിനാൽ അല്പം നീക്കിയാണ് വണ്ടി നിർത്തിയത്. വാഹനം സ്റ്റാന്റിൽവച്ച് പോലീസിനടുത്തേയ്ക്ക് വന്ന അയാളുടെ കരണക്കുറ്റിനോക്കി പോലീസ് അടിച്ചു, കൂടാതെ വണ്ടിയിൽ ചാരിനിർത്തി അടിച്ചു, വീണ്ടും അയാളെ വലിച്ചിഴച്ച് പോലീസ് ജീപ്പിൽ കയറ്റി അതിനുള്ളിൽവച്ചും പോലീസ് സ്റ്റേഷൻ വരെയും സ്റ്റേഷനിൽ എത്തിച്ചിട്ടും അടിച്ചു, പോലീസ് സ്റ്റേഷനിൽ വച്ച് അദ്ദേഹത്തെ മർദ്ദിച്ച് കൊലപ്പെടുത്തി. 10 മീറ്റർ നീക്കി വണ്ടി നിർത്തിയെന്ന ഗുരുതരമായ കുറ്റത്തിനാണ് നിങ്ങളുടെ പോലീസ് അദ്ദേഹത്തോട് ഇങ്ങനെ ചെയ്തത്! ഈ സംഭവത്തിൽ എന്ത് നടപടി സ്വീകരിച്ചു? വടകരയിലെ 'സജീവൻ', വരാപ്പുഴയിലെ 'ശ്രീജിത്ത് ', ഇടുക്കിയിലെ 'രാജ്കുമാർ', തൃശ്ശൂരിലെ 'ഷമീർ', 'വിനായകൻ' തുടങ്ങി എണ്ണിയാലൊടുങ്ങാത്ത കസ്റ്റഡി മരണങ്ങൾ, നിസ്സാരമായ കേസിൽ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി കൊലപ്പെടുത്തിയ സംഭവങ്ങൾ നിങ്ങളുടെ ഭരണകാലത്ത് ഉണ്ടായിട്ടുണ്ട്.

'Gabriel Garcia Marquez -ന്റെ പ്രസിദ്ധമായ പുസ്തകമായ ' News of a Kidnapping' -ൽ കൊളംബിയയിലെ ഒരു ഗവൺമെന്റിനെക്കുറിച്ച് പറയുന്നുണ്ട്. എല്ലാ ചേരികളിലും പോയി ആളുകളെ പിടിച്ചുകൊണ്ടുപോയി കസ്റ്റഡിയിൽവച്ച് ടോർച്ചർ ചെയ്യുന്ന ഒരു ഗവൺമെന്റിനെക്കുറിച്ചാണ് ആ പുസ്തകത്തിൽ പറയുന്നത്. ആ തരത്തിലേയ്ക്ക് നിങ്ങളുടെ ഗവൺമെന്റ് പോകരുത്. ഭർത്താവിനെ കാണാനില്ലെന്ന കാരണത്താൽ ഭാര്യയെ അറസ്റ്റുചെയ്യുന്ന കാലമാണിത്. ഭർത്താവിനെ അവർ കൊന്ന് കുഴിച്ചുമൂടിയെന്ന് ഭാര്യയെ സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ച് പറയിപ്പിക്കുകയാണ്. അതിനുശേഷം പോലീസ് ജെ.സി.ബി.യുമായി നാട്ടുനീളെ കുഴിയെടുക്കാൻ നടക്കുകയാണ്. ഭർത്താവിനെ കൊന്ന് കുഴിച്ചുമൂടിയ സ്ത്രീ എന്നുപറഞ്ഞുകൊണ്ട് അവരെ മർദ്ദിച്ച് ജയിലലടയ്ക്കുന്നു. പിറ്റേദിവസം ഭർത്താവ് രംഗപ്രവേശനം ചെയ്യുന്നു! നിങ്ങളുടെ പോലീസ് ചെയ്യുന്നത് എന്തൊരു നാണക്കേടാണ്. ഞാൻ എന്റെ ഭർത്താവിനെ കൊന്നു കുഴിച്ചുമൂടിയെന്ന് ഒരു സ്ത്രീയെ മർദ്ദിച്ച് പറയിപ്പിക്കുകയാണ്, എന്നിട്ട് നാട്ടുമുഴുവൻ സ്ഥലം തോണ്ടിക്കൊണ്ടിരിക്കുകയാണ്, വീടിന്റെ അകംവരെ കുഴിച്ചിട്ടിരിക്കുകയാണ്. 'ഭർത്താവിനെ കൊന്ന പ്രതി' -യെ അറസ്റ്റുചെയ്തു

എന്നുപറഞ്ഞുകൊണ്ട് പോലീസ് അവരോടൊപ്പംനിന്ന് ഫോട്ടോയെടുക്കുന്നു. എന്നിട്ടോ, രണ്ട് ദിവസം കഴിഞ്ഞ് മരിച്ചുപോയെന്ന് പറയപ്പെട്ട ആൾ തിരിച്ചുവരികയാണ്. എന്തൊരു നാണക്കേടാണിത്! 84 വയസ്സുള്ള ഭാരതിയമ്മ എന്നൊരു സ്ത്രീ മറ്റൊരു കേസിൽ പ്രതിയാക്കപ്പെട്ടു. കേസിനാസ്പദമായ സംഭവം കേട്ടിട്ടുപോലുമില്ലാത്ത പാലക്കാടുള്ള 84 വയസ്സുള്ള ആ സ്ത്രീയെ പോലീസ് വീട്ടിൽവന്ന് ശരിയാക്കിക്കളയുമെന്ന് ഭീഷണിപ്പെടുത്തി. താൻ ഏത് കേസിലെ പ്രതിയെന്ന് മനസിലാകാതെ നാല് കൊല്ലം കേസുമായി അവർ കയറിയിറങ്ങി. നാല് കൊല്ലം കഴിഞ്ഞശേഷം നിങ്ങളല്ല, 30 വയസ്സുകാരിയായി മറ്റൊരു ഭാരതിയാണ് കേസിലെ പ്രതിയെന്ന് പോലീസ് പറയുകയാണ്. ബെസ്റ്റ് പോലീസ്! കേരളത്തിലെ ഇങ്ങനെയുള്ള പോലീസ് വളരെ നല്ല പോലീസാണ്. അങ്ങ് കുറേസമയം കേരളത്തിലെ പോലീസിനെ ശ്ലാഘിച്ചല്ലോ. ഞാൻ ഇന്നലെ പറഞ്ഞതുപോലെ പ്രധാനപ്പെട്ട സംഭവങ്ങൾക്കൊന്നും ഇവിടത്തെ പോലീസ് കേസ് രജിസ്റ്റർ ചെയ്യില്ല. നിങ്ങൾക്ക് വേണ്ടപ്പെട്ട ആർക്കെതിരെയും നിങ്ങൾ കേസെടുക്കില്ല. ആലപ്പുഴ ജില്ലയിലൊക്കെ ഇതുപോലുള്ള എത്രയോ സംഭവങ്ങൾ നടന്നു. നിങ്ങൾ

പാർട്ടിയിൽ തരംതാഴ്ത്തിയതും സ്ഥാനം ഉയർത്തിയതുമൊക്കെയായി എത്ര കേസുകളാണുണ്ടായത്. എല്ലാത്തിനും പാർട്ടി നടപടികളാണ് സ്വീകരിച്ചത്. പോലീസിന് ഇതിലൊന്നും ഒരു കാര്യവുമില്ലേ; ആലപ്പുഴ ജില്ലയുടെ പോലീസ് സൂപ്രണ്ട് പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയാണോ; ഇക്കാര്യങ്ങളൊക്കെ ആലപ്പുഴ ജില്ലയിലെ പാർട്ടി സെക്രട്ടറി തീരുമാനിച്ചാൽ മതിയോ; അല്ലെങ്കിൽ ഗോവിന്ദൻ മാസ്റ്റർ ആലപ്പുഴ ജില്ലാ കമ്മിറ്റിയിൽ പങ്കെടുത്ത് അവിടെ സ്ത്രീകളെ അപമാനിച്ച കേസുകൾ മാറ്റിവച്ചാൽ മതിയോ? അങ്ങനെയെങ്കിൽ ഗോവിന്ദൻ മാസ്റ്ററെ ഡി.ജി.പി.യായും പാർട്ടിയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറിയെ അവിടുത്തെ ജില്ലാ പോലീസ് സൂപ്രണ്ടായും പ്രഖ്യാപിക്കൂ. എത്ര കേസുകളാണ് ഇങ്ങനെ നടക്കുന്നത്. ലഹരിമരുന്ന് കേസുകളുൾപ്പെടെ എത്രയോ കേസുകളിൽ പോലീസ് ഇത്തരത്തിൽ ക്രൂരമായി പെരുമാറുന്നത്. ഇത്തരത്തിലുള്ള എത്രയോ നടപടികൾ ഇവിടെ എടുത്തുകാണിക്കാനുണ്ട്. പോലീസ് ഒരു കേസ് കൈകാര്യംചെയ്യുതിനെക്കുറിച്ച് ഇവിടെ കേട്ടില്ലേ; യഥാർത്ഥത്തിൽ അറസ്റ്റ് നടന്നത് എപ്പോഴാണ്; ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച റിപ്പോർട്ട് കിട്ടുമല്ലോ? ഇവിടെ പരാമർശിച്ച

കേസിൽ അറസ്റ്റ് നടന്നത് എപ്പോഴാണെന്ന കാര്യം പ്രമേയാവതരണവേളയിൽ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞല്ലോ. 4.25 -ന് പ്രതിയാക്കപ്പെട്ട ആൾ മരിക്കുന്നു, അയാളെ പ്രതിയാക്കി 7.03-ന് കേസ്സെടുക്കുന്നു. അയാൾ മരണപ്പെട്ട് രണ്ടര മണിക്കൂറിനുശേഷം മരിച്ചുപോയ വ്യക്തിയെ ഒന്നാം പ്രതിയാക്കി പോലീസ് കേസെടുക്കുകയാണ്. ഇതെല്ലാം എഫ്.ഐ.ആർ-ൽ രേഖപ്പെടുത്തിയ വിവരങ്ങളാണ്. താമീർ ജിഫ്രി മരിച്ച് രണ്ടര മണിക്കൂർ കഴിഞ്ഞാണ് ലഹരി കടത്തുമായി ബന്ധപ്പെട്ട കേസിന്റെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത്. കേരളത്തിലേയ്ക്ക് ലഹരിമരുന്ന് കൊണ്ടുവരുന്ന ആളുകളെക്കുറിച്ച് നിങ്ങൾ അന്വേഷിക്കില്ലല്ലോ; ലഹരി ഉപയോഗിക്കുന്ന ആളുകളെ മുഴുവനും പോലീസ്സ്റ്റേഷനിൽവച്ച് ടോർച്ചർ ചെയ്ത് കൊല്ലാൻ ശ്രമിക്കുകയാണോ വേണ്ടത്? അങ്ങനെയെങ്കിൽ ആയിരക്കണക്കിന് ആളുകളെ നിങ്ങൾക്ക് കൊല്ലേണ്ടിവരും, കാരണം കേരളത്തിൽ ലഹരിമരുന്നിന്റെ ഉപയോഗം അത്രമാത്രം വ്യാപകമാകുകയാണ്. ലഹരിയുടെ ഉപയോഗംകൊണ്ടുതന്നെ കൊലപാതകങ്ങൾ വർദ്ധിക്കുകയാണ്. അതിനെ നിയന്ത്രിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. ലഹരിമരുന്ന്

ഉപയോഗിച്ചുവെന്നതിന്റെ പേരിൽ സ്റ്റേഷനിൽ കൊണ്ടുപോയ ഒരു ചെറുപ്പക്കാരന് എത്രമാത്രം ക്രൂരമായ മർദ്ദനമാണ് ഏൽപ്പിച്ചിരിക്കുന്നത്. പണ്ടൊക്കെ, കേട്ടുകേൾവി പോലുമില്ലാത്ത ഒരു കാലത്തുനടന്ന രീതിയിൽ മലദ്വാരത്തിലൂടെ ലാത്തി കുത്തി കയറ്റുന്ന കസ്റ്റോഡിയൽ ടോർച്ചറാണോ നിങ്ങളുടെ കാലത്തുനടക്കുന്നത്? എന്നിട്ടാണോ നിങ്ങൾ നിങ്ങളുടെ പോലീസിനെ ഇത്തരത്തിൽ വാഴ്ത്തി പറയുന്നത്. എസ്.പി.-യുടെ നേതൃത്വത്തിലുള്ള ഡാൻസാഫ് സംഘം, എസ്.പി. യുടെ നേതൃത്വത്തിലുള്ളത് killing squard ആണോ, Torture squard ആണോ; ഇനിയിപ്പോൾ ആരോഗ്യ വകുപ്പ് Torture medicine-ന്റെ പുതിയൊരു ഡിപ്പാർട്ടുമെന്റുകൂടി കേരളത്തിൽ ആരംഭിക്കേണ്ടി വരും. Torture Medicine എന്നൊരു ഡിപ്പാർട്ടുമെന്റുണ്ട്. പോലീസിന്റെയും പട്ടാളത്തിന്റെയും ക്രൂരമായ ടോർച്ചറുകളെ സൈക്കോളജിക്കലായും ഫിസിക്കലായും പ്രത്യേകം ട്രീറ്റ് ചെയ്യുന്ന പുതിയൊരു ബ്രാഞ്ചാണ് ടോർച്ചർ മെഡിസിൻ. കേരള പോലീസ് ഈ രീതിയിൽ മുന്നോട്ടുപോയാൽ ആരോഗ്യവകുപ്പിന്റെ മെഡിക്കൽ കോളേജുകളിൽ ടോർച്ചർ മെഡിസിന്റെ ഡിപ്പാർട്ടുമെന്റ് കൂടി ആരംഭിക്കേണ്ടിവരും. അത്ര

പരിതാപകരമായ നിലയിലേയ്ക്കാണ് കേരളം പോയിക്കൊണ്ടിരിക്കുന്നത്. എന്താണ് ഇവിടത്തെ പ്രശ്നം? പോലീസിന്റെ hierarchy പോയി. പോലീസ് ഫോഴ്സിനൊരു ഹയറാർക്കിയുണ്ട്. ഡിജിപി പറഞ്ഞാൽ ഐ.ജി. കേൾക്കണം, ഐ.ജി. പറഞ്ഞാൽ ഡി.ഐ.ജി. കേൾക്കണം, ഡി.ഐ.ജി. പറഞ്ഞാൽ എസ്.പി. കേൾക്കണം, എസ്.പി. പറഞ്ഞാൽ എസ്.എച്ച്.ഒ. കേൾക്കണം. ആര് പറഞ്ഞാലാണ് ഇവരൊക്കെ കേൾക്കുന്നത്? മേലുദ്യോഗസ്ഥൻ പറഞ്ഞാൽ ഇവരൊക്കെ അനുസരിക്കുമോ? പാർട്ടിയുടെ ജില്ലാ സെക്രട്ടറി പറഞ്ഞാൽ മാത്രമേ ഇവർ അനുസരിക്കുകയുള്ളൂ. പാർട്ടിയുടെ ഏരിയാ സെക്രട്ടറി പറയുന്നതുമാത്രമേ എസ്.എച്ച്.ഒ. അനുസരിക്കുകയുള്ളൂ. (....ബഹളം.......) നിങ്ങൾ ഇത് പൊളിട്ടിക്കലൈസ് ചെയ്ത് വഷളാക്കി.

<u>മി. സ്പീക്കർ</u>: യെസ്....... യെസ്.......

<u>ശ്രീ. വി. ഡി. സതീശൻ</u>: എന്നെക്കൊണ്ട് ഓരോ കേസിന്റെയും പേരെടുത്ത് പറയിപ്പിക്കല്ലേ? (......ബഹളം......) വേണമെങ്കിൽ ഞാൻ ആ കേസുകളുടെയൊക്കെ പേരെടുത്ത് പറയാം. ഒരാൾ പുറകിലിരുന്ന് എന്നോടൊരു ചോദ്യം ചോദിച്ചു. .... പേടിപ്പിക്കുകയല്ല, വേണമെങ്കിൽ അതൊക്കെ ഞാൻ

പറയാം. പറയാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഇഷ്ടക്കാർക്കുവേണ്ടി പോലീസ് കേസ്സെടുക്കാത്തതിന്റെ വിവരങ്ങൾ ഞാൻ പറയാം. ഇഷ്ടക്കാർക്കുവേണ്ടി പോലീസ് കേസ്സെടുക്കില്ല. കാരണം, പോലീസ് വകുപ്പ് ഭരിക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ല. അങ്ങയുടെ ഓഫീസിലെ ഒരു ഉപജാപക സംഘമാണ് കേരളത്തിലെ പോലീസ് സേനയെ നിയന്ത്രിക്കുന്നത്. പോലീസ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതും നിയന്ത്രിക്കുന്നതും എതിരാളികൾക്കെതിരെ കേസ്സെടുക്കാൻ നിർബന്ധിക്കുന്നതും അന്വേഷണ ഉദ്യോഗസ്ഥന്മാരെ സ്വാധീനിക്കുന്നതും ഇഷ്ടക്കാർക്കെതിരെ കേസ്സെടുക്കണ്ടെന്ന് പറയുന്നതും അങ്ങയുടെ ഓഫീസിലെ ഒരു ഒരു ഉപജാപക സംഘം/ഗൂഢസംഘമാണ്. ആ ഉപജാപക സംഘം ആഭ്യന്തര വകുപ്പിനെയും കേരളത്തിലെ പോലീസ് സേനയെയും ഹൈജാക്ക് ചെയ്തിരിക്കുകയാണ്. കേരളത്തിലെ പോലീസ് ഫോഴ്സിനുവേണ്ട hierarchy നഷ്ടപ്പെട്ടു. പരിതാപകരമായ അവസ്ഥയിലാണ് സംസ്ഥാനത്തെ പോലീസ് വകുപ്പ് പ്രവർത്തിക്കുന്നത്. സ്കോട്ട്ലൻഡ് യാർഡിനെ വെല്ലുന്ന പോലീസ് സേനയെന്ന് ഒരു കാലത്ത് അഭിമാനത്തോടെ പറഞ്ഞിരുന്ന കേരള പോലീസിനെ

അങ്ങയുടെ ഈ ഭരണകാലത്ത് പരിതാപകരമായ, പരിഹാസ്യമായ നിലയിലേയ്ക്ക് മാറ്റി. അതിന്റെയെല്ലാം ഉല്പന്നമാണ് ഈ ചെറുപ്പക്കാരന്റെ ക്രൂരമായ കസ്റ്റഡി മരണം. ഇത് ലാഘവത്വത്തോടുകൂടി കൈകാര്യം ചെയ്യുകയും ഇപ്പോഴും പോലീസിനെ സ്തുതിക്കുകയും ശ്ലാഘിക്കുകയും പോലീസ് ഇനിയും ഇത്തരം കാര്യങ്ങൾ ചെയ്താൽ പ്രശ്നമില്ലെന്ന രീതിയിൽ സംസാരിക്കുകയും ചെയ്യുന്ന ഈ സർക്കാരിന്റെ നടപടിയിലും സമീപനത്തിലും ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, വളരെ ഗൗരവമുള്ളൊരു പ്രശ്നമാണ് ഇവിടെ നടന്നിരിക്കുന്നത്. അടിയന്തരപ്രമേയാവതരണത്തിന് കാരണമായ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസ് ഇന്നലെത്തന്നെ സി.ബി.ഐ.-ക്ക് വിടാൻ തീരുമാനമായെന്നും അത് വലിയൊരു തീരുമാനമാണെന്ന നിലയിലുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അങ്ങയോട് എനിക്ക് പറയാനുള്ളത്, ഇത് അവിടെ നിലനിൽക്കില്ലെന്നാണ്. കാരണം, പോലീസ്

മേധാവിയുടെ ശിപാർശയ്ക്കനുസരിച്ച് സി.ബി.ഐ.-യ്ക്ക് വിട്ടുവെന്നാണ് പറയുന്നത്. അത് ഏത് പോലീസ് മേധാവിയാണെന്ന് അറിയില്ല, എസ്.പി. തന്നെയാണോ അങ്ങനെ ശിപാർശ ചെയ്തതെന്നും എനിക്കറിയില്ല. എസ്.പി. തന്നെയാണ് ഇങ്ങനെയൊരു ശിപാർശ നൽകിയതെങ്കിൽ വിശേഷമായി. കാരണം, എസ്.പി.-ക്ക് എത്രയുംവേഗം ഈ കേസ് സി.ബി.ഐ.ക്ക് വിടുന്നതാണ് നല്ലതെന്ന് തോന്നിയതുകൊണ്ടാണോയെന്നും ഏത് മേധാവിയാണ് ഇതിന് ശിപാർശ ചെയ്തതെന്നും എനിക്കറിയില്ല. ഇവിടത്തെ പ്രധാനപ്പെട്ട ആരോപണംതന്നെ എസ്.പി.യുടെ സ്ക്വാഡിനെക്കുറിച്ചാണ്. മാത്രമല്ല, പ്ലാസ്റ്റിക് ഉൾപ്പെടെ മയക്കുമരുന്ന് വിഴുങ്ങി മരിച്ചെന്നാണ് ആദ്യഘട്ടത്തിൽ ഞങ്ങളോടെല്ലാം പറഞ്ഞത്. മയക്കുമരുന്നിന്റെ പ്ലാസ്റ്റിക്കടക്കം വിഴുങ്ങി മരിച്ചതാണെങ്കിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നതിനുശേഷം ആ വിഷയത്തിൽ ഗൗരവമായി ഇടപെട്ടാൽ മതിയെന്ന് പ്രതിപക്ഷാംഗങ്ങളായ ഞങ്ങളൊക്കെ ആ സമയത്തൊരു നിലപാടെടുത്തതുമാണ്. മയക്കുമരുന്ന് വിഴുങ്ങിയത് വായിലൂടെയല്ലെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വാർത്ത. അക്കാര്യമാണല്ലോ ഇവിടെ സൂചിപ്പിച്ചതും. മുറിവ് മരണപ്പെട്ട ആളുതന്നെ

മയക്കുമരുന്ന് കുത്തികയറ്റി ഉണ്ടാക്കിയതാണെന്നൊക്കെ പറഞ്ഞാൽ ഇതൊക്കെ എങ്ങനെ വിശ്വസിക്കാനാണ്? പണ്ട് കാലത്ത് പോലീസ് വൻതോതിൽ അതിക്രമം നടത്തിയിരുന്ന കാലത്തെ സംഭവങ്ങളുടെ ഗണത്തിൽപ്പെടുത്താവുന്നൊരു കസ്റ്റഡി കൊലപാതകമാണിത്. ലക്ഷണമൊത്തൊരു കസ്റ്റഡി കൊലപാതകം എന്ന് അതിനെ വിശേഷിപ്പിക്കാവുന്നതാണ്. എഫ്.ഐ.ആർ-ൽ പറഞ്ഞിരിക്കുന്നത് മുഴുവൻ നുണയാണ്. അതായത്, ചേളാരിയിൽ നിന്ന് പിടിച്ച ആളെ താനൂർ പാലത്തിന്റെ ചുവട്ടിൽനിന്ന് പിടിച്ചുവെന്ന് റെക്കോർഡിൽ എഴുതിവച്ചിരിക്കുകയാണ്. വസ്തുതകൾ അങ്ങനെയൊന്നുമല്ലെന്നും അതിനും മൂന്നുനാല് ദിവസം മുമ്പ് അറസ്റ്റ് ചെയ്തതാണെന്നും നിരന്തരം അദ്ദേഹത്തെ മർദ്ദിക്കുകയായിരുന്നുവെന്നുമാണ് പറയപ്പെടുന്നത്. പഴയകാലങ്ങളിൽ കസ്റ്റഡിയിലെടുക്കുന്നവരെ ഓരോ ക്യാമ്പുകളിൽ കൊണ്ടുപോയി ഉരുട്ടിക്കൊല്ലുമായിരുന്നുവെന്നൊക്കെ കേട്ടിരുന്നതുപോലുള്ള ഒരു കേസ്സാണിത്. അതുപോലെ ഇദ്ദേഹത്തെയും ഒരു ക്യാമ്പിൽ കൊണ്ടുപോയി മർദ്ദിച്ചതിന്റെ എല്ലാ തെളിവും വാർത്താമാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നിരിക്കുകയാണ്.

ഇക്കാലത്തും ഇങ്ങനെയൊരു സംഭവം നടക്കുമോ? അവിശ്വസനീയമായ കാര്യങ്ങളാണ് ഇവിടെ നടന്നിരിക്കുന്നത്. ഉരുട്ടിക്കൊലയുടെയും മർദ്ദന മരണങ്ങളുടെയുമൊക്കെ ചരിത്രം പരിശോധിച്ചാൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർ കൊടുക്കുന്ന പ്രോത്സാഹനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം കൊലപാതകങ്ങൾ നടക്കുന്നത്. ഇവിടെയും അങ്ങനെതന്നെയാണ് നടന്നിരിക്കുന്നത്. അല്ലാതെ സാധാരണക്കാരായ കുറച്ച് പോലീസുകാരെയോ എസ്.ഐ.യെയോ മാത്രം സസ്പെൻഡ് ചെയ്തതുകൊണ്ട് യാതൊരു കാര്യവുമില്ല.

കസ്റ്റഡി മരണങ്ങളുടെ പഴയകാല ചരിത്രം പരിശോധിച്ചാൽ ഡാൻസാഫ് സ്ക്വാഡുപോലുള്ള ധാരാളം സ്ക്വാഡുകളെപ്പറ്റി അറിയാൻ സാധിക്കും. ഇതൊക്കെ എന്തിനുവേണ്ടി രൂപീകരിച്ചതാണെന്ന് അറിയില്ല. അത്തരത്തിലുള്ള ഒരു സ്ക്വാഡ് നേരിട്ട് ഒരാളെ കസ്റ്റഡിയിലെടുത്ത് ഒരു ക്യാമ്പിൽ കൊണ്ടുപോയി മർദ്ദിച്ചു. മരിച്ചതിനുശേഷമാണ് പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുവന്നതെന്നാണ് പറയപ്പെടുന്നത്. ഇയാളെ വർക്ക്ഷോപ്പുപോലുള്ളൊരു സ്ഥലത്ത് കൊണ്ടുപോയി മർദ്ദിച്ച് കൊന്നു. മൃതദേഹത്തിൽ എത്ര മുറിവുകളാണുള്ളത്? മാത്രമല്ല, പുറത്തുപറയാൻ പറ്റാത്ത തരത്തിലുള്ള

മുറിവുകളാണ് മൃതദേഹത്തിലുള്ളത്. ആ മുറിവുകളെക്കുറിച്ച് പറയുമ്പോൾതന്നെ ഞെട്ടിപ്പോവുകയാണ്. ഇത്തരം കാര്യങ്ങൾ ഒരു എസ്.പി.യുടെ നേതൃത്വത്തിലുള്ള സ്വാഡ് നേരിട്ട് ചെയ്തുവെന്ന് പറയുമ്പോൾ ഇതൊക്കെ കേരളത്തിൽ തന്നെയാണോ നടന്നതെന്നത് അവിശ്വസനീയമായി തോന്നുകയാണ്. അത്രയ്ക്കും ഭീകരമായ സംഭവമാണ് ഇവിടെ നടന്നിരിക്കുന്നത്. ഈ കേസ് സി.ബി.ഐ.-യ്ക്ക് വിട്ടിട്ട് രക്ഷപ്പെടാനുള്ള പരിപാടിയാണോയെന്നറിയില്ല. എസ്.പി.-യും എസ്.പി.യുടെ നേതൃത്വത്തിലുള്ള സ്ക്വാഡും എന്താണ് ചെയ്തതെന്ന കാര്യങ്ങൾ ഗൗരവത്തിൽ പരിശോധിക്കേണ്ട വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്പെസിഫിക്കായി അതൊന്നും പറഞ്ഞില്ല. അത്തരം കാര്യങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കുമെന്ന് മാത്രം പറഞ്ഞു. ഇങ്ങനെ കൊല്ലുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇതിനാസ്പദമായ വിഷയം മയക്കുമരുന്ന് പിടിച്ചതാണെങ്കിൽ അക്കാര്യത്തിൽ ആരെങ്കിലും ഇടപെടുമോ; അത്തരത്തിലുള്ള കേസുകളിൽ ആരും ഇടപെടില്ല. പക്ഷെ, ഇത്ര ദയനീയമായി കൊല ചെയ്യേണ്ട കാര്യമുണ്ടായിരുന്നോ; ഈ കാലത്ത് നടക്കാൻ പാടില്ലാത്ത,

പഴയകാലത്ത് കേട്ടിരുന്ന ഉരുട്ടിക്കൊല പോലെ ഇരുട്ടറയിൽ കൊണ്ടിട്ട് മർദ്ദിച്ച് കൊന്ന കേസ്സാണെന്നാണ് സാക്ഷികൾ പറയുന്നത്. ചേളാരിയിലുള്ള ബിൽഡിംഗിന്റെ ഉടമ പറയുന്നത് കുറേ ദിവസം മുമ്പ് ഇയാളെ ഇവിടെനിന്നും കൊണ്ടുപോയെന്നാണ്. ഈ കേസിൽ എന്താണ് നടന്നിരിക്കുന്നതെന്നത് വളരെ ഗൗരവമുള്ള വിഷയമാണ്. എസ്.പി.യും എസ്.പി.യുടെ സ്ക്വാഡും അമിതാവേശം കാണിച്ചതിന്റെ ഫലമായി വന്നൊരു കേസാണിതെന്നാണ് പറയപ്പെടുന്നത്. ഇന്നല്ലെങ്കിൽ നാളെ ഇക്കാര്യങ്ങളെല്ലാം പുറത്തുവരും. യാതൊന്നും മൂടി വയ്ക്കാൻ കഴിയില്ല. വാർത്താമാധ്യമങ്ങൾ തന്നെ സാക്ഷികളുണ്ട്. വളരെ ഗൗരവമുള്ള ഈ പ്രശ്നം സി.ബി.ഐ.-യ്ക്ക് കൊടുത്തത് ഐ.പി.എസ്. ഓഫീസർമാരാണ്. അങ്ങനെയുണ്ടാവാൻ പാടില്ലല്ലോ; സാധാരണക്കാരന്റെ ജീവന് വിലയുണ്ടെന്ന് മാത്രമല്ല, അയാൾ വളരെ ചെറുപ്പക്കാരനുമാണ്. യാതൊരു ഗതിയുമില്ലാത്തൊരു കുടുംബമാണ് അദ്ദേഹത്തിന്റേത്. അവർക്ക് ഇങ്ങനെയൊരു അവസ്ഥ വന്നത് വളരെ ദയനീയമായ കാര്യമാണ്. ഈ കാര്യത്തിൽ സത്യം പുറത്തുവരണം. സി.ബി.ഐ.യ്ക്ക് വിട്ടതുകൊണ്ടുമാത്രം ഈ കേസ്സിൽ നീതിയായെന്ന് പറയാൻ

കഴിയില്ല. അതുകൊണ്ട് ഈയൊരു കൊലപാതകം എസ്.പി.-യുടെ സ്വാഡ് നേരിട്ട് ചെയ്തതാണെന്ന ആക്ഷേപമുണ്ട്. എസ്.പി. തന്നെയാണ് അവിടെ പ്രതിയായി വരുന്നത്. അതുകൊണ്ട് വളരെ ഗൗരവത്തോടെ പരിഗണിക്കണമെന്നും എസ്.പി.യുടെ പേരിൽ നടപടിയെടുക്കണമെന്നുമാണ് അടിയന്തരപ്രമേയത്തിലൂടെ ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നത്. വളരെ മിതവും ന്യായവുമായ ഒരു ആവശ്യമാണിത്. ആ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, താനൂർ പോലീസ് സ്റ്റേഷനിലെ കസ്റ്റഡി മരണം പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയും അതിൽ എസ്.പി അടക്കമുള്ളവർ പ്രതിസ്ഥാനത്ത് നിൽക്കുന്നതുമായി പ്രതിപക്ഷം ചൂണ്ടിക്കാണിച്ചിട്ടും വസ്തുതാപരമായ നിലപാട് സ്വീകരിക്കുവാൻ സർക്കാർ തയ്യാറായില്ലെന്നതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ വ്യക്തമാകുന്നത്. ഈ എസ്.പി.-അടക്കമുള്ളവരെ സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുന്നത് തീർച്ചയായും

പ്രതിഷേധാർഹമാണ്. സർക്കാരിന്റെ ഈ നിലപാട് തിരുത്തുവാനും പ്രതിസ്ഥാനത്ത് നിൽക്കുന്നതായി ചൂണ്ടിക്കാണിച്ചിരിക്കുന്ന എസ്.പി. അടക്കമുള്ള ഉന്നതപോലീസ് ഉദ്യോഗസ്ഥന്മാരെ മാറ്റി നിർത്തി അന്വേഷണം നടത്താനും ഇനിയെങ്കിലും സർക്കാർ തയ്യാറാകണം. ഇതിന് തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ കസ്റ്റഡി മരണങ്ങൾ വർദ്ധിച്ചുവരുന്നൊരു സാഹചര്യമാണ് നിലവിലുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ തൃപ്പൂണിത്തുറയിലെ മനോഹരൻ എന്ന യുവാവിന്റെ മരണത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ പരാതി നൽകിയിരുന്നതാണ്. ബൈക്ക് യാത്രക്കിടെ പോലീസ് കൈ കാണിച്ചപ്പോൾ ബൈക്ക് നിർത്തിയില്ലെന്ന കാരണത്താൽ ഇയാളെ പോലീസ് റോഡിൽ വച്ച് മർദ്ദിക്കുന്നു. തുടർന്ന്, പോലീസ് സ്റ്റേഷനിൽ കൊണ്ടുപോവുകയും അവിടെ വച്ച് ഇയാൾ കുഴഞ്ഞു വീണ് മരണപ്പെടുകയാണ് ചെയ്തത്. തൃപ്പൂണിത്തുറ ഹിൽപ്പാലസിലെ എസ്.എച്ച്.ഒ., പരാതിയുമായി ചെല്ലുന്നവരോട് അപമാനകരമായ

നിലയിൽ പെരുമാറുന്നുവെന്ന വ്യാപകമായ പരാതിയുണ്ട്. ഇക്കാര്യത്തിൽ യാതൊരു നടപടിയുമുണ്ടായിട്ടില്ല. അതായത്, ട്രാഫിക് വൈലേഷനുണ്ടെങ്കിൽപ്പോലും അതിന്റെ പേരിൽ മർദ്ദിക്കുന്ന പോലീസ് സംവിധാനം ഇന്ന് കേരളത്തിൽ ഉടലെടുത്തിരിക്കുന്നയെന്നുള്ളത് എത്ര ഗുരുതരമായ വിഷയമാണ്? ഇങ്ങനെ എത്രയോ നിരപരാധികളാണ് പോലീസിന്റെ മർദ്ദനത്തിനും അപമാനത്തിനും ഇരയായിക്കൊണ്ടിരിക്കുന്നതെന്ന് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. കസ്റ്റഡി മരണങ്ങളുടെ കാര്യം പരിശോധിച്ചാൽ, തൃപ്പൂണിത്തുറ ഹിൽപാലസ് പോലീസ് സ്റ്റേഷനിലുണ്ടായ മരണം കസ്റ്റോഡിയൽ ഡെത്തിന്റെ പരിധിയിൽ കൊണ്ടുവരാതെ അയാൾ കുഴഞ്ഞുവീണു മരിച്ചുവെന്ന നിലയിലേയ്ക്ക് മാറ്റിക്കൊണ്ടുപോവുകയാണ്. അപ്പോൾ പോലീസുകാർ തന്നെ കേസുകൾ തേയ്ച്ചുമായ്ച്ചു കളയുന്ന നിലയിലേയ്ക്ക് വരുമ്പോൾ സാധാരണക്കാർക്ക് എങ്ങനെയാണ് നീതി ലഭിക്കുന്നത്? ഇവിടെ താനൂർ സ്റ്റേഷനിലുണ്ടായിരിക്കുന്ന താമിർ ജിഫ്രി എന്ന യുവാവിന്റെ മരണം അതിലേയ്ക്ക് വെളിച്ചം വീശുന്ന ഒന്നാണ്. ഈ കേസ് സി.ബി.ഐ.-യ്ക്ക് വിടുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ മലപ്പുറം എസ്.പി.-യെ മാറ്റി നിർത്തിക്കൊണ്ടുള്ളൊരു അന്വേഷണത്തിലേയ്ക്ക് പോകണം. ഈ വിഷയം പുറത്തുകൊണ്ടുവരുന്ന വെളിച്ചം എന്നുപറയുന്നത് കേരളം മയക്കുമരുന്നിന്റെ

ഹബ്ബായി മാറുന്നുവെന്നുള്ളതാണ്. മയക്കുമരുന്ന് സാർവ്വത്രികമായി മാറിയിരിക്കുകയാണ്. അത് നമ്മുടെ നാട്ടിൽ വലിയ രീതിയിൽ ദുരന്തം വിതച്ചുകൊണ്ടിരിക്കുന്നു. അത്തരത്തിലുള്ള വിഷയങ്ങളിൽ സർക്കാർ ഇടപ്പെടുന്നില്ല. മയക്കുമരുന്നുകളുടെ വ്യാപനത്തിന് തടയിടുവാനുള്ള നടപടികൾ പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. പോലീസ് കസ്റ്റഡിയിലെടുത്ത് മർദ്ദിക്കുന്നതും കസ്റ്റഡിമരണങ്ങൾ ആവർത്തിക്കുന്നതുമായൊരു സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)